# Kerala Private College Teacher

AKPCTA

JULY

1983




കൊല്ലം കൺവെൻഷൻ: പ്രകടനം


# കേരള പ്രൈവറ്റ് കോളേജ് ടീച്ചർ

മാസിക

പത്രാധിപ സമിതി

ചെയർമാൻ

എം. ആർ. ചന്ദ്രശേഖരൻ

ചീഫ് എഡിറ്റർ

വി. എൻ. മുരളി

അംഗങ്ങൾ: എൻ. എം. ജോസഫ്, എം. കെ. ചിണ്ടൻകുട്ടി, തോളൂർ ശശിധരൻ, ആർ. ശശിധരൻ, വി. നാരായണൻകുട്ടി, ടി. ഗോപാലകൃഷ്ണൻ, പി. ജെ. മാത്യു.

ജൂലൈ 1983 | നമ്പർ 45 | വില 1 രൂപ | വാർഷിക വരിസംഖ്യ 10 രൂപ

അഖിലകേരള പ്രൈവറ്റ് കോളേജ് അധ്യാപക സംഘടനയുടെ മുഖപത്രം

## പരീക്ഷാ പ്രതിഫലം

# പുതിയ സമരതന്ത്രം

ഉത്തരക്കടലാസ്സുകൾ പരിശോധിക്കുക, മാർക്ക്‌ലിസ്റ്റ് തയ്യാറാക്കുക, വീട്ടിൽ സൂക്ഷിച്ചുവയ്ക്കുക —ഇതാണ് ജൂലായ് 9ന് ചേർന്ന എ. കെ. പി. സി. ടി. എ. പ്രവർത്തക കമ്മിറ്റി നിർദ്ദേശിച്ച സമരതന്ത്രം. യൂണിവേഴ്സിറ്റിയുടെ സ്വന്തം ആൾക്കാരെ വിട്ട് ഉത്തരക്കടലാസ്സും മാർക്കുപട്ടികകളും അധ്യാപകരിൽ നിന്ന് വാങ്ങാവുന്നതാണ്. യൂണിവേഴ്സിറ്റിയുടെ പരീക്ഷാ പ്രതിഫലക്കാര്യത്തിലുള്ള അനങ്ങാപ്പാറ നയത്തിനുള്ള ഒരു തിരിച്ചടിമാത്രമാണ് ഈ സമരതന്ത്രം. പരീക്ഷാജോലിചെയ്യില്ലെന്നല്ല നാം പറയുന്നത്. അതെല്ലാം മുറപോലെ നടക്കും. എന്നാൽ, സ്വന്തം കയ്യിൽനിന്ന് പണമെടുത്ത് കെട്ടുകൾ തപാലിൽ അയയ്ക്കില്ല. യൂണിവേഴ്സിറ്റി 1981 മുതൽക്കുള്ള പരീക്ഷാ പ്രതിഫലം നൽകാനുണ്ട്. പണമില്ലാഞ്ഞിട്ടല്ല. തീരുമാനം ഇല്ലാഞ്ഞിട്ടല്ല. ഉടൻ എല്ലാം ശരിപ്പെടുമെന്ന് എത്രയോ തവണ യൂണിവേഴ്സിറ്റി ഉറപ്പ് നൽകിയിട്ടുണ്ട്. ഏറ്റവും ഒടുവിൽ ഏപ്രിൽ 22-ാം തീയതി കേരളാ യൂണിവേഴ്സിറ്റിയുടെ കവാടത്തിൽ നാം കൂട്ടധർണ്ണ നടത്തി. അത്, പ്രശ്നം ഉടൻ പരിഗണിക്കാൻ സിൻഡിക്കേറ്റിന് പ്രേരണയായി. പരീക്ഷാ പ്രതിഫലം കൊടുക്കാൻ ഇങ്ങനെ അനന്തമായി വൈകിയ്ക്കുന്നത് നാണക്കേടാണെന്ന് വൈസ് ചാൻസിലർ പ്രസ്താവിച്ചതായിട്ടാണറിവ്. തിടുക്കത്തിൽ ഇക്കാര്യം ചെയ്യാൻ തീരുമാനമുണ്ടാവുകയും ചെയ്തു. ആഴ്ചതോറും പ്രവർത്തന പുരോഗതി തനിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് വൈസ് ചാൻസലർ ഭരണക്കാരോട് ആവശ്യപ്പെട്ടു. (അന്യത്ര ചേർത്തിട്ടുള്ള പ്രൊഫ. ഗോപാലകൃഷ്ണന്റെ കത്ത് നോക്കുക.) എന്നിട്ടെന്തുണ്ടായി ? സർക്കാർകാര്യം മുറപോലെ നീങ്ങുന്നു. മുത്തപ്പന്റെ വഞ്ചി— കുത്തുമ്പോ കുത്തും. എത്തുമ്പോ എത്തും... എന്ന ചൊല്ലുപോലെയാണ് യൂണിവേഴ്സിറ്റികാര്യങ്ങൾ. അഥവാ, അതങ്ങനെയാണെന്നും പറഞ്ഞുകൂടാ. യൂണിവേഴ്സിറ്റിയിലുള്ള പരശ്ശതം പേർക്ക് ശമ്പളവും ബത്തയും കിത്തയുമെല്ലാം യഥാസമയം കിട്ടുന്നുണ്ടല്ലോ. യൂണിവേഴ്സിറ്റി ആപ്പീസ്സിൽ ആർക്കെങ്കിലും ശമ്പളം കുടിശ്ശികയുണ്ടോ ? അവർക്ക് ലഭിക്കേണ്ടതായ ടി. എ. ഡി എ. കൾ എന്തെങ്കിലും കുടിശ്ശികയുണ്ടോ ? അതൊക്കെ മുൻകൂർവാങ്ങി മാത്രമല്ലേ അവർ യാത്ര പുറപ്പെടുക ; പാവം പരീക്ഷകന്റെ കാര്യം വരുമ്പോൾ എഴുതാനാളില്ല; എഴുത്തു വരുന്നില്ല; കണക്കാവുന്നില്ല; കണക്കില്ല, ചെക്കെഴുതിയാൽ നീങ്ങില്ല. ബില്ലുപരിശോധിച്ചാൽ തീരില്ല പരീക്ഷാജോലി എന്നാൽ മാർക്ക്‌ലിസ്റ്റും ടാബുലേഷനും ജയപരാജയപ്പട്ടികയും മാത്രമല്ല. പരീക്ഷയുടെ ഏറ്റവും മുഖ്യമായ ജോലികളെല്ലാം ചെയ്ത അധ്യാപകരുടെ ബില്ലുകൾ പരിശോധിച്ച് ചെക്കെഴുതി അയയ്ക്കുക കൂടിയാണ്.

പണമില്ലാത്ത പ്രശ്നം യൂണിവേഴ്സിറ്റിക്കില്ലെന്നാണ് അധികാരികൾ ശപഥം ചെയ്യുന്നത്. പിന്നെ, പരീക്ഷാ വകുപ്പിൽ ആളില്ലാഞ്ഞിട്ടാണോ ? ഞങ്ങളുടെ അറിവിൽ, അവിടെ ജോലിയുടെ യൂണിറ്റളന്ന് തിട്ടപ്പെടുത്തി ആളിനെ നിയമിച്ചു കൂട്ടിയിട്ടുണ്ട്. യൂണിവേഴ്സിറ്റി പരീക്ഷാവിഭാഗത്തിലുള്ളവർ പണിയെടുക്കാത്തവരായിട്ടാണോ ? ഞങ്ങൾ അങ്ങനെ കരുതുന്നില്ല. പണിയെടുക്കുന്നവരും അതിന് മേൽനോട്ടം വഹിക്കു

എം. ആർ. സി.

## കുറിപ്പുകൾ.....

ന്നവരും യൂണിവേഴ്സിററി ഭരണത്തിന്റെ ചുക്കാൻ പിടിക്കുന്നവരും എല്ലാം ഈ ഭീമമായ കൃത്യവിലോപത്തിന് ഉത്തരവാദിത്വം വഹിക്കേണ്ടതുണ്ട്. പരീക്ഷ കൊല്ലത്തിൽ രണ്ടുണ്ട്. അത് മുറയ്ക്ക് ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. അന്നന്നത്തെ ജോലി അന്നന്ന് തീർക്കണം. ആ ഒരു കാഴ്ചപ്പാടും നിഷ്ഠയും എന്തുകൊണ്ട് യൂണിവേഴ്സിററിക്കാര്യനടത്തിപ്പുകാർക്കില്ല ? തങ്ങളുടെ ജോലി വല്ലവരും വന്നു ചെയ്തുതീർക്കണമെന്നാണോ ?

കാലിക്കററ് യൂണിവേഴ്സിററിയിൽ അധ്യാപകർ കൂട്ടധർണ്ണനടത്തിയത് മെയ് 3—ാം തീയതിയാണ്. പരീക്ഷാപ്രതിഫലം സത്വരം നൽകാൻ തക്കനടപടികൾ ഉണ്ടാവുമെന്ന് ധർണ്ണയിൽ പങ്കെടുത്ത അധ്യാപകർക്ക് യൂണിവേഴ്സിററി അധികാരികൾ ഉറപ്പുനൽകി. സിൻഡിക്കേററ് ഒരു സബ്കമ്മററിയെയും അതു സംബന്ധിച്ച് നിയമിച്ചു. സബ്കമ്മററിറിപ്പോർട്ടിൻമേൽ സിൻഡിക്കേററെടുത്ത തിരുമാനം ഞങ്ങൾ അന്യത്ര ചേർത്തിട്ടുണ്ട്. അതുപ്രകാരമുള്ള തീയതിയ്ക്ക് യൂണിവേഴ്സിററി പരീക്ഷാവകുപ്പ് അധ്യാപകരുടെ പ്രതിഫലം കൊടുക്കുമോ? ആദ്യത്തെ തീയതി ഇപ്പോഴേ തെററിക്കഴിഞ്ഞിരിക്കുന്നു. ഏതായാലും വേഗം തന്നെ പ്രശ്നപരിഹാരമുണ്ടാകുമെന്നാണ് യൂണിവേഴ്സിററി അധികൃതൻമാർ പ്രസ്തവിച്ചിട്ടുള്ളത്.

പണം കാലിക്കററ് യൂണിവേഴ്സിററിയിലും പ്രശ്നമല്ല. ബില്ലുകൾ പരിശോധിച്ച് ചെക്കെഴുതി അയയ്ക്കേണ്ടകാര്യമേയുള്ളു. പണമില്ല എന്ന് പറഞ്ഞൊഴിയുകയാണ് ഉത്തരവാദിത്വപ്പെട്ടവരുടെ നിത്യപ്പതിവ്. പണമില്ലെങ്കിലെന്താ പരീക്ഷാബില്ലുകൾ പരിശോധിച്ചു കൂടായോ? പാസ്സാക്കി കൂടയോ ? പണമില്ലെങ്കിലും, തീയതിയിടാതെ ചെക്കെഴുതിവച്ചുകൂടയോ ? പണം കിട്ടിയാൽ ഉടൻ ചെക്കിൽതീയതി ചേർത്താൽമതിയല്ലോ ?പണമില്ലാത്തപേരിൽ ബില്ലുകൾ പരിശോധിച്ചു പാസ്സാക്കുന്ന ജോലി വൈകിക്കുക. പണം കിട്ടുമ്പോൾ ബില്ലുകൾ പാസ്സാക്കാത്ത പേരിൽ പണം മററു ചെലവുകൾക്കെടുക്കുന്നതുവരെ തട്ടിമുട്ടി സമയം കളയുക—ഇതല്ലേ ഈ രണ്ടു യൂണിവേഴ്സിററികളിൽ നടക്കുന്നത് ? ഇത് കണ്ടറിയാനും കണിശമായി കാര്യങ്ങൾ ചെയ്യിക്കാനും കെല്പില്ലാത്ത മേലധികരത്തെപ്പററിയെന്തു പറയാൻ ? യൂണിവേഴ്സിററിഭരണത്തിൽ കാര്യക്ഷമതയുണ്ടാക്കാൻ എന്തെന്തു നടപടികളാണ് വേണ്ടതെന്നതിനെപ്പററി ഇവിടെ ഞങ്ങൾ ചർച്ചചെയ്യാൻ ഉദ്ദേശിക്കുന്നില്ല. അത് യൂണിവേഴ്സിററി സിൻഡിക്കേററിന്റെയും ഭരണനിർവ്വഹണോദ്യോഗസ്ഥൻമാരുടെയും ചുമതലയാണ് "നിങ്ങളുടെ വാക്കിന് വിലയുണ്ട് എന്ന് ഞങ്ങളെ ബോധ്യപ്പെടുത്തേണ്ട ചുമതല നിങ്ങൾക്കുതന്നെയാണുള്ളത് —" എന്നതുമാത്രമേ ഞങ്ങളിവിടെ എടുത്തു പറയുന്നുള്ളു.

ഉത്തരക്കടലാസ് പരിശോധനയെല്ലാം കൃത്യമായി നിർവഹിച്ച് മാർക്കുലിസ്ററുമെഴുതി യൂണിവേഴ്സിററി ഉദ്യോഗസ്ഥൻമാരെ കാത്തിരിക്കുക എന്ന നമ്മുടെ ഈ സമരതന്ത്രത്തിന് മുഖ്യപ്രേരണയായ ഒരു സംഗതിയെപ്പററികൂടി ഇവിടെ പറയേണ്ടതുണ്ട്. ഇപ്പോൾ തപാൽക്കൂലി പലമടങ്ങു വർദ്ധിച്ചതിന്റെ ഫലമായി പരീക്ഷാജോലിയുമായി ബന്ധപ്പെട്ട ട്രാൻസ്മിഷൻചാർജ്ജുകൾ വളരെവർദ്ധിപ്പിച്ചു. ഉത്തരക്കടലാസ് കെട്ടുകൾ അയയ്ക്കാൻ നൂറും ഇരുനൂറും റുപ്പിക വേണ്ടിവരുന്നു. ട്രാൻസ്മിഷൻ ബില്ലുകൾ പാസ്സാക്കി അയയ്ക്കുന്നതിൽ യൂണിവേഴ്സിററി പരീക്ഷാവകുപ്പിന് ഒരു ശുഷ്കാന്തിയുമില്ല. തപാൽ രശീതികൾ ഉൾപ്പെട്ട ബില്ലുകൾ കാണാനില്ല എന്നപല്ലവി എപ്പോഴും കേൾക്കാം. ആ പല്ലവിയിൻമേൽ സംഖ്യ പോയി. അനേകം കൊല്ലത്തെ ട്രാൻസ്മിഷൻ ചാർജ്ജുകൾ കിട്ടാനുള്ളവരുണ്ട്. തപാൽ സ്റ്റാമ്പുകൾക്ക് [illegible] പേറുകൊടുത്ത സംഖ്യയാണ്. അതു തിരിച്ചു കിട്ടാൻ കൊല്ലങ്ങൾ വൈകിപ്പാമോ? ഉത്തരക്കടലാസ്സും മാർക്ക് പട്ടികകെട്ടുകളും യൂണി

## കുറിപ്പുകൾ.....

...വേഴ്സിററി ഉദ്യോഗസ്ഥൻമാർ യൂണിവേഴ്സിററി വാഹനത്തിൽ വന്ന് കൈയോടെ സ്വീകരിക്കുകയാണെങ്കിൽ ട്രാൻസ്മിഷൻ ചാർജ്ജെന്ന് കിട്ടാക്കമററിയിൽ അധ്യാപകർക്ക് പണമൊടുക്കേണ്ടതില്ല. യൂണിവേഴ്സിററിക്കാർ സർവീസ് സ്ററാമ്പ് അധ്യാപകർക്ക് അയച്ചുകൊടുത്താലും മതി.

ആരോ ആക്ഷേപിച്ചതു പോലെ, പരീക്ഷാഫലം വൈകിപ്പിച്ച് വിദ്യാർത്ഥികളെ കഷ്ടപ്പെടുത്തുക എന്ന ലക്ഷ്യം അധ്യാപകർക്കില്ല. യൂണിവേഴ്സിററിയുടെ ആലസ്യനയം ലോകസമക്ഷം കൊണ്ടുവരികയും അതിന് സത്വരശാന്തി ഉണ്ടാക്കുകയുമേ ഞങ്ങൾക്ക് ലക്ഷ്യമായിട്ടുള്ളു. രണ്ടും മൂന്നും കൊല്ലം വൈകികിട്ടുന്ന പ്രതിഫലത്തിന് ജോലിചെയ്യാൻ തയ്യാറുള്ളവർ ആരുണ്ടിവിടെ? പരീക്ഷാജോലിക്കാര്യത്തിൽ അധ്യാപകരെ ദണ്ഡിപ്പിക്കാൻ യൂണിവേഴ്സിററി (ഭേദഗതി) നിയമമുണ്ട്. ഇത് ഞങ്ങൾക്കറിയാം. ആ നിയമം ഇപ്പോൾ പ്രയോഗിക്കേണ്ടത് പരീക്ഷയുടെ പ്രതിഫലം നൽകാൻ വൈകിക്കുന്ന യൂണിവേഴ്സിററികൾക്ക്—അതിലെ കൈകാര്യകർത്താക്കൾക്ക്—എതിരായിട്ടാണ്. ഗവൺമെൻറ് ഇതിൽ ഇടപെടണമെന്ന തന്നെയാണ് ഞങ്ങളുടെ ഇംഗിതം. അധ്യാപകർക്ക് നേരെ കണ്ണുരുട്ടാൻ എത്രയെത്ര ഏജൻസികളാണിവിടെ? 1981ൽ ചെയ്ത പരീക്ഷാജോലിയുടെ പ്രതിഫലവും അന്നത്തെ ട്രാൻസ്മിഷൻ ബില്ലുപ്രകാരമുള്ള സംഖ്യകളും നൽകാത്ത അലസപ്പരിഷകളെപ്പററി അവർ ഉരിയാടാത്തതെന്തേ?

അധ്യാപകർ ഈ സമരത്തിന്റെ സൂക്ഷ്മസ്വഭാവം മനസ്സിലാക്കിയിരിക്കണം:

- നാം പരീക്ഷാജോലി മുടക്കുന്നില്ല.
- പരീക്ഷാജോലി, അതിന്റെ എല്ലാമുറകളും അനുഷ്ഠിച്ചുകൊണ്ടുതന്നെ പൂർണ്ണമായി നാം നിർവഹിക്കുന്നു.
- മാർക്ക് ലിസ്ററും ഉത്തരക്കടലാസ്സുകെട്ടും നാം തയ്യാറാക്കി വയ്ക്കുന്നു.

യൂണിവേഴ്സിററി അധികൃതർ അതേററുവാങ്ങിക്കൊണ്ടാൽ മതി.

നമ്മുടെ പ്രതിഷേധം യൂണിവേഴ്സിററിയുടെ മന്ത്രശാലയിലെത്തിക്കാൻ ഈ തന്ത്രം ഉപകരിക്കുമെന്ന് നാം കരുതുന്നു. പൊതു ജനങ്ങളും ഇങ്ങനെ ചില പ്രശ്നങ്ങൾ ഉണ്ട് എന്നറിയട്ടെ.

യൂണിവേഴ്സിററിയിൽ ചോദിക്കാനും ചെയ്യിക്കാനും ആളുണ്ടെന്ന് വരുന്ന നിമിഷം ഈ പ്രതിഷേധതന്ത്രം ഉപേക്ഷിച്ച് നാം പൂർണ്ണമായ സഹകരണത്തിന്റെ വഴിക്ക് തിരിയും.

എല്ലാ ശ്രമങ്ങളും വിഫലമായിത്തോന്നിയ ഒരു നിമിഷത്തിൽ നമ്മുടെ ഉള്ളിൽനിറഞ്ഞ രോഷത്തിന് ഇങ്ങനെ ഒരു ബാഹ്യപ്രകടനമുണ്ടായത് ക്ഷന്തവ്യം മാത്രമാണെന്ന് ആലോചനാശേഷിയുള്ളആർക്കും മനസ്സിലാക്കാവുന്നതേയുള്ളു.

ഈ പ്രതിഷേധസംരംഭത്തെ എത്രയുമധികം വ്യാപകവും ഫലപ്രദവും ആക്കാൻ എ. കെ. പി. സി. ടി. എ. അംഗങ്ങളായ എല്ലാ അധ്യാപകരും മുന്നിട്ടിറങ്ങണം.

# ഐ. എ. എസ്. വൈസ് ചാൻസലർമാർ

ഐ. എ. എസ്സുകാർ വിദ്യാഭ്യാസ വിചക്ഷണൻമാരായിക്കൂടെന്നില്ലല്ലോ. അവർക്കു വൈസ് ചാൻസലർമാരാവുകയും ചെയ്യാം. ഇവിടെ കേസ്സ് അതല്ല: വൈസ് ചാൻസലർ ആകാൻ ഐ. എ എസ്സ് ആണ് ഏക ബിരുദം എന്ന് വന്നുകൂടിയിരിക്കുന്ന കേരള ഗവൺമെൻറ് ഇക്കാര്യത്തിൽ ഇന്ത്യയ്ക്ക് പുതിയൊരു മാർഗം കാണിച്ചുകൊടുത്തിരിക്കുന്നു. ഒററയടിക്ക് രണ്ട് യൂണിവേഴ്സിററികളിൽ ഐ. എ. എസ്സ് കാരെ വൈസ് ചാൻസലർമാരാക്കി.

## കുറിപ്പുകൾ.....

ഉണ്ടാകാൻപോകുന്ന ഒന്നിലേയ്ക്കും ഐ.എ.എസ്സുകാരനെകണ്ടുവച്ചു. മുമ്പേ ഒന്നിൽ(കാർഷിക സർവകലാശാല) ഐ.എ.എസ്സുകാരൻ സ്ഥിരവാഴ്ചയായിട്ടുണ്ട്. ഇതിനൊക്കെ പുറമേ കോളീജിയററ്ഡയറക്ടർപദവിയിൽ സ്ഥിരം ഐ.എ എസ്സുണ്ട്. എസ്. എസ് എൽ.സി. വരെ മാത്രംപഠിച്ച് ശേഷമെല്ലാം സേവ* കൊണ്ട് നേടിയ ഒരു മാന്യമഹാശയനെ കൊളീജിയററ് വകുപ്പ് മേധാവിയായി നിയമിച്ചതും അതിനെപ്പററിമലയാളമനോരമനസ്യമെഴുതിയതും ആഴ്ചയ്ക്കുള്ളിൽ ഗവൺമെൻറ് ആളെ മാററിയതും ഈയിടത്തെകാര്യമാണല്ലോ. പണ്ട് ദേവേന്ദ്രനാകാൻ നൂറു യാഗം ചെയ്യണമായിരുന്നു. ഇപ്പോൾ ഐ. എ. എസ്സ്. കിട്ടിയാൽ മതി. മറെറന്താണിതിനെപ്പററിപറയേണ്ടത്?

യൂണിവേഴ്സിററികളിൽ 10 കൊല്ലത്തെ അധ്യാപനപരിചയം ആവശ്യപ്പെടുന്ന കുറെ ആപ്പീസ്സർ പോസ്ററുകളുണ്ട്. റജിസ്ട്രാർ, പരിക്ഷ കൺട്രോളർ, കറസ്പോണ്ടൻസ് കോഴ്സ് ഡയറക്ടർ തുടങ്ങിയവ ഇപ്പോൾ ഈ പോസ്ററുകളിലും നിയമിക്കപ്പെടുന്നത് കലാശാലയുടെ പടികാണാത്തവരാകാൻ തുടങ്ങിയിട്ടുണ്ട്. 10 പാസ്സായി ഗുമസ്തനായാൽ ഏതു ജോലിയ്ക്കും അയാൾ പ്രാപ്തനായി എന്നത് ഒരു പുതിയ വ്യവസ്ഥിതി തന്നെ.

യൂണിവേഴ്സിററികളിലെ ഡെപ്യൂട്ടി റജിസ്ട്രാർ തസ്തികകൾ മുമ്പ് സിലക്ഷൻ പോസ്ററുകൾ ആയിരുന്നു. അധ്യാപന പരിചയം ഈ തസ്തികയിൽ നിയമിക്കപ്പെടാനുള്ള അനുപേക്ഷണീയമായ യോഗ്യതയായിരുന്ന യൂണിവേഴ്സിററി ഫസ്ററ് സ്ററാററ്യൂട്ടുകൾ നിർമ്മിക്കാൻ ഗവൺമെൻറ് ചുമതലപ്പെട്ടതിൻെറ ഫലമായി ഡെപ്യൂട്ടി റജിസ്ട്രാറുടേത് പ്രൊമോഷൻ പോസ്ററായി. യൂണിവേഴ്സിററി കാര്യങ്ങളിൽ നിന്ന് അധ്യാപകരെ—അധ്യാപനപരിചയത്തെ - ബഹിഷ്കരിക്കുക എന്നതാണ് ഇതിൻെറയൊക്കെ അർത്ഥം.

യൂണിവേഴ്സിററി നിയമങ്ങൾ മാറാൻ പോകുന്നു എന്നതിന്ന് ഒരഞ്ഞാടിപ്പാട്ടാണ്. യൂണിവേഴ്സിററി ഭരണത്തിൽ നിന്ന് ജനാധിപത്യാംശത്തെ തുരത്തി, ഉദ്യോഗസ്ഥമേധാവിത്വത്തെ അരക്കിട്ടുറപ്പിയ്ക്കുന്ന ഒരുനയവിശേഷത്തിൻെറ ഫലമത്രേ ഈ മാററമൊക്കെ. അധ്യാപകർക്കുതന്നെയാണ് അതുകൊണ്ടും നഷ്ടമുണ്ടാക്കാൻ പോകുന്നത്. സെനററിലും സിൻഡിക്കേററിലുമൊക്കെ അധ്യാപകരുടെ പ്രാതിനിധ്യം കുറയും. ആ സ്ഥാനങ്ങൾ ഉദ്യോഗസ്ഥ മേധാവികൾക്കും മാനേജർമാർക്കും അവരുടെ പിണിയാളർക്കും പിന്നെ കേരളത്തിൻെറ കെട്ടതിയായിട്ടുള്ള ജാതിമതാദിവിഭാഗീയ സമ്മർദ്ദഗ്രൂപ്പുകൾക്കും സർവ്വോപരി പലതരം നിക്ഷിപ്ത താല്പര്യങ്ങൾക്കും ലഭിക്കാൻ പോകുന്നു. 1967–69 കാലത്ത് അധികാരത്തിലിരുന്ന ഇ എം എസ്സിൻെറ നേതൃത്വത്തിലുള്ള ഇടതുമുന്നണി ഗവൺമെൻറാണ് ഇന്നു നിലവിലുള്ള യൂണിവേഴ്സിററി നിയമങ്ങൾക്ക് രൂപം നൽകിയത്. യൂണിവേഴ്സിററി ഭരണ സമിതികളെ ജനാധിപത്യവൽക്കരിക്കുക മാത്രമല്ല പ്രൈവററ് കോളേജധ്യാപകർക്ക് തൊഴിൽ സുരക്ഷിതത്വവും നാനാവിധം അവകാശങ്ങളും നൽകുക കൂടി ചെയ്തു അന്നത്തെ യൂണിവേഴ്സിററി നിയമങ്ങൾ. അതിൻെറയൊക്കെ നിഷേധമായിട്ടാണ് പുതിയ നിയമങ്ങളുണ്ടാകാൻ പോകുന്നതെങ്കിൽ, അതിനെ നമുക്ക് പൊറുക്കാനാവില്ല. തൊഴിൽ ഭദ്രത തൊട്ടുള്ള അധ്യാപകരുടെ ഉത്തമതാൽപര്യങ്ങൾക്കും ഉപരിവിദ്യാഭ്യാസ നടത്തിപ്പിൽ അധ്യാപകർക്ക് അർഹമായ സ്ഥാനത്തിനും വേണ്ടിയുള്ള സമരം എ.കെ.പി. സി. ടി. എ. ഏറെറടുത്തു നടത്തേണ്ടിവരും. നിലവിലുള്ള അവകാശങ്ങൾ നഷ്ടപ്പെടുന്നതിനെകണ്ടു സഹിച്ചിരിക്കാൻ ഒരു സംഘടിത ജനവിഭാഗത്തിനും പററുകയില്ലല്ലോ. 1967—69 കാലത്ത് രൂപം കൊടുത്ത പഴയ യൂണിവേഴ്സിററി നിയമത്തിൽ പലപ്പോഴായി വളരെ തിരുത്തലുകൾ ഉണ്ടായി. കോടതി വിധികൊണ്ട് പല വകുപ്പുകൾ അസാധുവാ

* സേവ = Service

യി. എന്തൊക്കെയായിട്ടും അതിന്നും പ്രൈവററ് കോളേജധ്യാപകന് ഒരു രക്ഷാ ദുർഗമാണ്. തൊഴിൽ സ്ഥിരതയും യൂണിവേഴ്സിററി ഭരണ നടത്തിപ്പിൽ സാരമായ പങ്കും അധ്യാപക വർഗത്തിന് ഇന്ന് ലഭിച്ചിട്ടുള്ളത് ആ നിയമത്തിന്റെ ബലത്തിന്മേലാണ്. അതൊക്കെനഷ്ടപ്പെടുത്തുന്നതിന് വേണ്ടി നിയമപരിഷ്കാരത്തിന് ആരും മുതിരേണ്ട. അതിവിടെ അനുവദിക്കപ്പെടില്ല.

ആട്ടോണമസ് കോളേജുകളിൽ അധികാരസ്ഥനീയർക്കളവായ പുതിയ കമ്പത്തിന്റെ കഥയുമുണ്ട്. ഉപരിവിദ്യാഭ്യാസനടത്തിപ്പുകാർക്ക് ഉത്ശൃംഘലമായ അധികാരങ്ങൾ നൽകുക എന്നതിന്റെ മറെറാരു പേരാണ് ഓട്ടോണമസ് കോളേജ്. കോളേജുകൾക്ക് വിട്ടുകൊടുക്കുന്നത് എന്തോ അത് യൂണിവേഴ്സിററികളിൽ നിന്ന് പിടിച്ചെടുക്കാനാകാം യൂണിവേഴ്സിററിയുടെ ആട്ടോണമിയെ കടന്നാക്രമിക്കുന്നത്. പ്രത്യക്ഷത്തിൽ ഒരിടത്തു ചെയ്യുന്നതിന്റെ വിപരീതമാണ് മറേറപ്പുറത്തു ചെയ്യുന്നത് എന്ന് തോന്നാം. അല്ല; അല്ലേഅല്ല! രണ്ടിലും ഉള്ളത് ഒരേനയമാണ്. യൂണിവേഴ്സിററിയിൽ ജനാധിപത്യത്തെ ധ്വംസിക്കുന്നു; സ്വകാര്യകോളേജുകളെ സംബന്ധിച്ച് ജനാധിപത്യപരമായ നിയന്ത്രണത്തെയും ധ്വംസിക്കുന്നു. ഇരു ഭാഗത്തും പൊയ്പ്പോകുന്നത് ജനകീയ നിയന്ത്രണവും ജനങ്ങളുടെ പങ്കാളിത്തവും ആണ്. ഉപരിവിദ്യാഭ്യാസ മേഖലയെ സംബന്ധിച്ചാവുമ്പോൾ ജനകീയം എന്നതിന് അധ്യാപകീയം എന്നാണർത്ഥം. അധ്യാപകർക്ക് പങ്കാളിത്തവും മുൻകയ്യും ഇല്ലാതാവുക - കോളേജുകാര്യങ്ങളിലും യൂണിവേഴ്സിററി കാര്യങ്ങളിലും. ഇന്ത്യയിൽ ജനാധിപത്യഭരണസംവിധാനമാണുള്ളത്. ജനാധിപത്യത്തിന്റെ പ്രാണവായുവായ നീതിദീക്ഷയും നിയമാനുസാരിത്വവും മിതത്വവും കോളേജ് – യൂണിവേഴ്സിററി ഭരണനടത്തിപ്പിൽ ഇല്ലാതാവുക—തഥാകഥിതമായ കോളേജ് യൂണിവേഴ്സിററിപ്പരിഷ്കാരങ്ങളുടെ ഫലമതായിരിക്കും.

ഉപരിവിദ്യാഭ്യാസ മണ്ഡലത്തിലെ ഐ. എ. എസ്. ഉദയത്തെ മേൽപറഞ്ഞ ബഹുവിധകാര്യങ്ങളുമായി ബന്ധപ്പെടുത്തി വേണം കാണാൻ. ഒരു നയവ്യതിയാനത്തെ ആ നിയമനങ്ങൾ സൂചിപ്പിക്കുന്നു. ഒരു നയം വ്യതിയാനത്തിന്റെ ദൃഷ്ടാന്തങ്ങളാണ് അധികാരസ്ഥൻമാരുടെ പലപ്രഖ്യാപനങ്ങളിൽ തെളിയുന്നത്. ആശങ്കയോടെ മാത്രം വീക്ഷിക്കപ്പെടേണ്ടവയാണ് അവയിൽപ്പലതും. അധ്യാപക പ്രസ്ഥാനം ജാഗ്രതയോടെയിരിക്കേണ്ട ഒരു സന്ദർഭമാണിത്. □

## തുമ്പ സെൻറ് സേവ്യേഴ്സ് കോളേജ് പ്രശ്നം

# അധ്യാപകരെ പിരിച്ചുവിടാൻ അണിയറ നീക്കം

സെൻറ് സേവ്യേഴ്സ് കോളേജ് മാനേജ്മെൻറ്, പ്രീഡിഗ്രിക്ക് നിലവിലുള്ള ബാച്ചുകൾ കുറച്ചുകൊണ്ട് അധ്യാപകരെ പിരിച്ചുവിടാനുള്ള അണിയറനീക്കംആരംഭിച്ചിരിക്കുന്നു. ഒരു പുതിയ രോഗത്തിന്റെ തുടക്കമായിട്ടാണ് എ. കെ. പി. സി. ടി. എ. ഇതിനെകാണുന്നത്. സർവ്വശക്തിയുമുപയോഗിച്ച് ഈ നീക്കത്തെ ചെറുക്കാൻ സംഘടന തീരുമാനിച്ചിട്ടുണ്ട്.

കോളേജിലെ അധ്യാപകർ ആക്ഷൻ കമ്മിററിയുടെ നേതൃത്വത്തിൽ യൂണിവേഴ്സിററിയ്ക്കു മുമ്പിൽ ധർണ നടത്തുകയും വിദ്യാഭ്യാസ മന്ത്രിയ്ക്ക് നിവേദനം നല്കുകയും ചെയ്തു.

# Assurances not kept

[ The following letter written by Prof.T. Gopalakrishnan(Member of the Syndicate) to the V. C. highlights the indifference onthe part of the University in effedting payments of remuneration for Examination work done by teachers

-Editor]

To

The Vice-Chancellor,
University of Kerala.

Sir,

Sub: Inordinate delay in making the payment of remuneration due to the teachers for work undertaken by them in connection with University examinations -Reg.

Ref: Special item No. 6 of the minutes of the meeting of the Syndicate held on 22-4- 1983.

You would recollect, the representatives of the AKPCTA staged a demonstration and dharna on 22-4-1983 in front of the Office of the University, protesting against the inordinate delay caused in making the payment of remuneration due to the teachers for the examination work undertaken by them in Sept-Oct. 1981, April-May, 1982 and Sept-October 1982. The Syndicate authorised you to look into the matter and take appropriate steps to "monitor the work in the bill sections of the Examination Branch" for facilitating early payment of the remuneration. You promised then, that the position in regard to the payment of remuneration would be assessed every week and that all arrears would be paid off within three (3) months.

I have been telling the teachers who have approached me enquiring about the position, that all arrears due to them will be paid off soon and that steps have already been taken for ensuring immediate payment of the remuneration due. I should like to point out that it is now two months since the Syndicate authorized you to look into the question and take appopriate steps. I find no reason to think that we have been ableto redress the grievance of the teachers. It is afact that not even the remuneration for the work done in Sept-Oct. 1981 has been completely paid; a good number of teachers are yet to receive the remuneration. I do not know the exact position in regard to the above. The remuneration for the examination work done in April-May, 1982 also has not been paid completely. If this is the progress of the work in the bill sections, I doubt whether it would be possible for us to keep the assurance given to the Senate regarding the payment of the remuneration due to the teachers.

I sincerely hope, you would consider the matter seriously, as the delay now caused is quite unprecedented Doubtless, it is a shame to the university to delay the payment in question in this manner: it is not at all possible for us to explain to the teachers, the rason for this sort of delay. I would request you to take up the matter with the concerned sections and provide the Syndicate with the details, when it meets on the 8th of July 1983,

Yours Faithfully.

Prof T. Gopalakrishnan.
Convener, Standing Committee on Exams.

# National Commissions on Teachers

N. N. Prahallada

In the history of India perhaps for the first time, the Government in its notification No.F. 23-1/81-PN-2 dated February 16, 1983 has decided to set up two national commissions on teachers to advise the Government on various aspects relevant to the teaching community as specified in the terms of reference.

Professor D. P. Chattopadhyaya (former Union Commerce Minister) is the Chairman of National Commission I on school and Prof. Rais Ahmed (Vice-Chairman, UGC) is the Chairman of the National Commission II on higher education. Mr. Kireet Joshi (Educational Advisor to the Ministry of Education, Government of India) is the member-secretary of both Commissions.

The Commissions will submit their report within one year from the date of their first meeting. This period may be extended if considered necessary. Where immedate implementation of certain programmes is necessary, the Comissions may also submit from time to time, interim reports dealing with various issues.

The terms of reference will be dealt with by each Commission in its field of competence. There will, however be joint sittings of the two Commissions to deal with those points which are common or which need co-ordination. The joint meeting will be held under the chirmanship of Prof. D. P. Chattopadhyaya.

## Terms of reference

1. To lay down clear objectives for the teaching profession with reference to the search for excellence, breadth of vision and cultivation of values in keeping with the country's heritage and ideals of democracy secularism and social justice

2. Identify steps to be taken to give an appropriate status to members of profession.

3. Suggest measures for fostering dynamism in the profession and responsiveness to developments elsewhere in the world.

4. Recommend measures needed for attracting and widening the base for recruitment, particularly of women.

5. Review the existing arrangement- for pre-service and in-service training/orientation for teachers and to recommend improvements.

6. Review and recommend the application of improved methods and technology for teaching

7. Recommend measures to enhance the role of teachers in facilitating motivating and inspiring students in the acquisition of knowledge, skills and values, and promoting through them the spread of the scientific temper, secular outlook, environ-

mental consciousness and civic respon-sibility.

8. Identify the role of teachers in integrating education with development work in the community and home.

9. Study the special requirements of teachers in the field of non formal and continuing education and to suggest ways and means by which these requirements can be met.

10. Identify the role of teachers organisations in professional growth and profe. ssional consciousness.

11. Lock into the feasibility of evolving an acceptable and implementable code of conduct for teachers and

12. Assess the adequacy of arrangements for promotion of teachers welfare with special reference to the National Foundation of Teacher's Welfare and to suggest modification where necessary.

No doubt the twelve points under the terms of reference are really laudable but at the same time we should know that there are many hurdles and obstacles in achieving them. Keeping the above points in view, I would like to offer the following suggesstions:

1. Since the Commissions are related to teachers it would be highly meaningful to give adequate representation to the teachers and teacher organisations on the Commissions.

2. As far as first point under the terms of reference is concerned. I have my own doubts. I feel that in the existing conditions, achieving excellence and breadth of vision is really a Herculean task Until and unless merited candidates are attracted to the teaching profession, it is not possible to achieve excellence.

3. Also, democracy, secularism and social justice mentioned in the first trem of reference are nothing but our Constitutional goals. Therefore, these should not be confused with our country's heritage.

4. It would be highly significant to arrange several meetings of teachers throughout the country drawing their attention at various levels and to pool their opinions with regard to their own status

5. The various teacher organisations at different levels must take note of these two Commissions and should organise meetings with the teachers at taluk, district town and city levels.

6. It is really good that the All India Federation of Educational Associations (AIFEA) has already started couducting a series of seminars in the context of the two National Commissions. The first was in May 1983 at Pachmarhi (Madhya Pradesh), the second at the Regional College of Education, Mysore from May 26-May 28. 1983, the President of the AIFEA and the Karnataka State Education Federation (KSEF) met at the KSEF's Office and discussed, along with other prominent stalwarts in the field of education, the significance of the two National Commissions.

The KSEF President assured the gathering that in all probabilities a seminar will be held shortly under the umbrella of KSEF to discuss the two Commissions.

It would be appropriate if all the teacher organisations throughout the country were to come out with positive and workable strategies with regrad to improving the status of teachers and the same can be sent to the Chairmen of the Commissions'

(The Hindu, July 12-1983) □

# മാർ ഇവാനിയോസ് കോളേജിൽനിന്നും വിരമിച്ചവർ



Prof. I. M. SCARIA

Prof. I. m. Scaria, Head of the Department of Botany, Mar Ivanios College, retired in March 1983 after 35 years of service. He is a brilliant teacher and his absence will be felt in the Dept. for some years to come

Prof. I. M. Scaria had been a member of the AKPCTA throughout his career as a teacher. As its liaison officer he was of immense help to the organization. Prof Scaria had always stood for the teachers cause and as a member of the senate he served the teaching community with unting devotion. He had also proved his mettle in academic field as a of member of the Board of Studies in Botany both in the University of Kerala and Calicut. His retirement is certainly a loss to the teaching community. However it is a consolaton that his services are available to the student world, through the Winners' Academy.

Prof. K.P. Sebastian joined the staff of the Zoology Dept, of the Mar Ivanios College as head of the dept. in 1955 and he retired from service in March, 1983. During his long service he won the admiration of his students and colleagues and the public for his qualities as a teacher, scholar and gentleman. His retirement is certainly an irreparable loss to the institution. The fact that he was a member of the Academic Council and Member of the Board of Studies for Zoology B.Sc. and M.Sc. bears testimony to his ability



Prof. K P. SEBASTIAN

Prof. Sebastian's life-long service for the teachers' cause deserves special mention. His fast unto death in 1967 to reinstate Mr. Madhavan Nambiar, Principal of Guruvayoorappan College is an unforgettable event in the history of the teachers' fight for justice, and security of services His staunch support to the organisation should be remembered, especially after the unfortunate days following the split in the AKPCTA, perpetrated by a handful of people at the top for their selfish ends, It was because of him that the Mar Ivanios College Branch had been able to] maintain its integrity and Independence.


# കേരള യൂണിവേഴ്സിററി ജീവനക്കാരുടെ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം

കോട്ടയത്തെ ഗാന്ധിജി യൂണിവേഴ്സിററിയുടെ ആവിർഭാവത്തോടെ തിരുവനന്തപുരത്തെ കേരള യൂണിവേഴ്സിററിയിൽ വലിയൊരു വിഭാഗം ജീവനക്കാർക്ക് ജോലിയൊന്നും ചെയ്യാനുണ്ടാവില്ല. ഇപ്പോൾ കേരള യൂണിവേഴ്സിററിയോട് അഫിലിയേററ് ചെയ്തിട്ടുള്ള കോളേജിൽ പകുതിയിൽക്കൂടുതൽ കോട്ടയത്തോടുചേരുമെന്നാണ് കേൾക്കുന്നത്. ജോലിയില്ലാത്തവരെ പിരിച്ചുവിടാനാവില്ല. അവരെ ആകമാനം സൂപ്പർ ന്യൂമററിയായി പരിഗണിച്ചു ശമ്പളം നൽകിയാൽ ആ വ്യർഥാവ്യയം ഇപ്പോഴേഅരിഷ്ടിച്ചുനീങ്ങുന്ന യൂണിവേഴ്സിററിയുടെ നിലനില്പ് അവതാളത്തിലാക്കും. വരൾച്ചയും അതിൽക്കവിഞ്ഞ സാമ്പത്തികഞെരുക്കവും കൊണ്ടു ബുദ്ധിമുട്ടിലായിട്ടുള്ള കേരളസ്റേററിൽ അത്തരമൊരു ഭാരിച്ച പാഴ്ച്ചെലവ്അനുവദിക്കാൻ കഴിയുമോ? സൂപ്പർ ന്യൂമററിയായി ത്തുടരുന്നവർക്ക്പ്രൊമോഷനും മററ് ആനുകൂല്യങ്ങളും ലഭിക്കുകയില്ല. വളർച്ച മുററി മുരടിച്ച സ്ഥാപനത്തിലെ ജോലിക്കാർക്ക് എന്ത് ആശിക്കാനുണ്ട് ?


ഓപ്ഷൻ അടിസ്ഥാനത്തിൽ കോട്ടയം ഗാന്ധിജി യൂണിവേഴ്സിററിയിലേക്ക് പോകാൻ അനുവദിക്കണമെന്ന് കേരള യൂണിവേഴ്സിററി ജീവനക്കാർ ആവശ്യപ്പെടുന്നത് മേൽവിവരിച്ച പശ്ചാത്തലത്തിലാണ്. അവരുടെആവശ്യംന്യായമായിട്ടുള്ളതാണ്. സ്റേററിൻെറ താൽല്പര്യത്തിനും, ജീവനക്കാരുടെ താൽല്പര്യത്തിനും അനുഗുണമായിട്ടുള്ളത്അവരുടെ ന്യായമായ ആവശ്യം അനുവദിക്കുകയാണ്.

കേരളത്തിലെ സ്വാകാര്യകോളേജധ്യാപകർ യൂണിവേഴ്സിററി ജീവനക്കാരുടെ ഈ ആവശ്യത്തിന് കലവറയില്ലാത്ത പിന്തുണ നൽകുന്നതായി പ്രസ്താവിക്കാൻ ഈ അവസരം ഞാൻ ഉപയോഗിക്കുന്നു. ഗവണ്മെൻറ് ഇക്കാര്യത്തിൽ ജീവനക്കാരോടു സാനുഭാവമായ ഒരു നയംകൈക്കൊള്ളണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

എം. ആർ. ചന്ദ്രശേഖരൻ
പ്രസിഡൻറ്
എ. കെ. പി. സി. ടി. എ.



പ്രൊഫ. ആർ. ശശിധരൻ
സെക്രട്ടറി, എ. കെ. പി. സി ടി. എ.



പ്രൊഫ. മായു
മലപ്പുറം ജില്ലാ സെക്രട്ടറി

# ജില്ലകളിൽനിന്ന്

## സംഘടനയ്ക്കു വിജയം

മട്ടന്നൂർ പഴശ്ശിരാജാ എൻ. എസ്. എസ്. കോളേജ് കൗൺസിലിലേയ്ക്ക് നടന്ന വാശിയേറിയ തെരഞ്ഞെടുപ്പിൽ എ. കെ. പി. സി. ടി. എ. സ്ഥാനാർത്ഥികൾ വമ്പിച്ച ഭൂരിപക്ഷത്തോടെ വിജയിച്ചു.

പ്രൊഫ. ആർ. രവീന്ദ്രൻ നായർ (കോ–ഓർഡിനേഷൻ പ്രസിഡൻറ്), പ്രൊഫ. കെ. കെ. ജി. പിള്ള എന്നിവരാണ് വിജയിച്ചത്. മാനേജ്മെൻറിൻെറ പോക്കററു സംഘടനയുടെ സംസ്ഥാനസെക്രട്ടറിയെയാണ് എ. കെ. പി. സി. ടി. സ്ഥാനാർത്ഥികൾ തോല്പിച്ചത്.

## ആലപ്പുഴ :

ആലപ്പുഴ ജില്ലാക്കമ്മററിയുടെ ആദ്യയോഗം ജൂൺ 26 ന് മാവേലിക്കര മുനിസിപ്പൽ റസ്റ്റു ഹൗസിൽ കൂടി. പ്രസിഡൻറ് പ്രൊഫ. എസ്. പരമേശ്വരൻപിള്ള അധ്യക്ഷതവഹിച്ചു. ജില്ലയിലെ എല്ലാകോളേജുകളിൽനിന്നും അംഗങ്ങൾ പങ്കെടുത്തു. കൂടാതെ സിൻഡിക്കേററ് മെമ്പർ പ്രൊഫ. ടി. ഗോപാലകൃഷ്ണനും സംഘടനാ സെക്രട്ടറി പ്രൊഫ. ആർ. ശശിധരനും പങ്കെടുത്തു. ജില്ലാ സെക്രട്ടറി, പ്രവർത്തക സമിതി തീരുമാനങ്ങളും, നാളിതുവരെ നടന്ന പ്രവർത്തനങ്ങളും വിശദീകരിച്ചു. തുടർന്നു നടന്ന ചർച്ചയിൽ, കൊല്ലം ഡി. ഡി. സി. ഓഫീസിൻെറ പ്രവർത്തനങ്ങളെക്കുറിച്ച് അംഗങ്ങൾ നിരവധി പരാതികൾ ഉന്നയിച്ചു. ചർച്ചയ്ക്ക് ജില്ലാസെക്രട്ടറിയും, സിൻഡിക്കേററ് മെമ്പറും മറുപടി പറഞ്ഞു.

## തീരുമാനങ്ങൾ

1. മെമ്പർഷിപ്പ്, ജൂൺ–ജൂലായ് മാസങ്ങളിലായി പിരിക്കുക. വെൽഫയർ ട്രസ്റ്റിൽ കൂടുതൽ അംഗങ്ങളെ ചേർക്കുക. ജേർണൽ വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കുക. സ്പെഷ്യലിലെ പരസ്യത്തുക എത്രയും വേഗം ശേഖരിച്ചയയ ക്കുക.
2. പരീക്ഷാഫലം താമസിപ്പിക്കുന്നതിൽ പ്രതിഷേധിച്ച് 83–ലെ വാല്യു ചെയ്ത പേപ്പർ മടക്കി അയയ്ക്കാതിരിയ്ക്കുന്ന സമരപരിപാടിയെപ്പററി ആലോചിക്കണമെന്ന് പ്രവർത്തക സമിതിയോട് അഭ്യർത്ഥന.
3. സംഘടനാഭാരവാഹികൾ കൊല്ലം ഡി. ഡി. സി. ഓഫീസിൽപ്പോയിപരാതികൾ സംബന്ധിച്ച നിവേദനം നടത്തണമെന്ന് പ്രവർത്തക സമിതിയോട് അഭ്യർത്ഥന.
4. ജൂലൈ പത്തിനകം കൊല്ലം ഡി. ഡി. സി. ഓഫീനെപ്പററിയുള്ള പരാതികൾ ബ്രാഞ്ചുസെക്രട്ടറിമാർ, ജില്ലാസെക്രട്ടറിയെ രേഖമൂലം അറിയിക്കണം.

പ്രൊഫ. കെ. സദാശിവൻനായർ
ജില്ലാസെക്രട്ടറി

---

## Remuneration

# Decision of the Calicut University Syndicate

Considered the Interim Report of the Syndicate Sub Committee constituted to enquire into the progress on the payment of remuneration etc. to the University examiners.

Resolved that

**1.** a time schedule as recommrmended below for the completion of payment of remuneration be adhered to by the Controller of Examinations.

(a) Payment of remuneration etc. pertaining to the examinations held in September – October 1981: 15-7-1983.

(b) Payment pertaining to the examinations held in April may 1982 31-8-1983.

(c) Payment, pertaining to the examinations held in September, 82 30-9-1983.

2. Necessary funds for this purpose be made available to the Controller of Examinations.

(FROM MINUTES OF THE SYNDICATE)

# വിദ്യാഭ്യാസ മന്ത്രിയുമായി ചർച്ച

എ. കെ. പി. സി. ടി. എ.. പ്രതിനിധി സംഘം വിദ്യാഭ്യാസമന്ത്രിയെ കണ്ട് ഒന്നാം ഗ്രേഡ് നോൺ കേഡർ പ്രൊഫസർ തസ്തിക നടപ്പിലാക്കുന്ന കാര്യത്തിൽ വന്നിട്ടുള്ള വൈഷമ്യത്തെപ്പററി ചർച്ച നടത്തി. കൊല്ലം കൊളീജിയററ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ അധ്യാപകരുടെ ശമ്പള–കുടിശിക തുടങ്ങിയ കാര്യങ്ങളിൽ വരുന്ന വിളംബവും കേരളയൂണിവേഴ്സിററിയിലെ പരിശീലന കാലം കോളേജ് അദ്ധ്യാപകരുടെ സർവീസായി പരിഗണിക്കുന്ന ഗവൺമെൻറ് കല്പനയ്ക്ക് കാലിക്കററ് യൂണിവേഴ്സിററിയിലേക്ക് കൂടി വ്യാപ്തി നല്കുന്ന കാര്യവും സംഘാംഗങ്ങൾ മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തി

എ. കെ. പി. ടി. സി. എ. പ്രസിഡണ്ട് പ്രൊഫ എം. ആർ. ചന്ദ്രശേഖരൻ, ജനറൽ സെക്രട്ടറി പ്രൊഫ എൻ. എം. ജോസഫ്, ലെയ്സൻ ഓഫീസർ പ്രൊഫ. കെ. ജി. പത്മനാഭൻനായർ, പ്രൊഫസർ ജോസഫ് സ്ക്കറിയ എന്നിവരാണ് പ്രതിനിധി സംഘത്തിലുണ്ടായിരുന്നത്. ○

എ. കെ. പി. സി. ററി. എ. പ്രവർത്തക സമിതി തീരുമാനമനുസരിച്ച് ജനറൽ സെക്രട്ടറി പ്രൊഫ. എൻ. എം. ജോസഫ്, ററി. കെ. ഗോപാലകൃഷ്ണൻ നായർ ഡോ. പി. എസ്. പണിക്കർ, പ്രൊഫ. കെ. പി. ദിവാകരൻ നായർ എന്നിവർ 27–6–83 ന് വിദ്യാഭ്യാസമന്ത്രി ശ്രീ. ടി. എം. ജേക്കബിനെ സന്ദർശിച്ച് എൻ. എസ്. എസ്. മാനേജ്മെൻറ് ഈ വർഷം നടത്തിയ സ്ഥലം മാററങ്ങളിലെ അനീതികൾ ചൂണ്ടിക്കാട്ടുകയും ഗവൺമെൻറ് അടിയന്തിരമായി പ്രശ്നത്തിലിടപെടണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഈ കാര്യത്തിൽ മാനേജ്മെൻറിന് വേണ്ട നിർദ്ദേശം നൽകാമെന്ന് മന്ത്രി നിവേദക സംഘത്തിന് ഉറപ്പു നൽകി. □

കേരള-കാലിക്കററ് സർവ്വകലാശാല നിയമങ്ങളിലെ അനുഛേദം 64, എ. കെ പി. സി. ററിയെ ആവശ്യപ്പെട്ടിട്ടുള്ള പ്രകാരം നടപ്പിലാക്കി അന്തർസർവ്വകലാശാലാ സ്ഥലം മാററങ്ങൾ ശാശ്വതമായി തടയണമെന്നും നിർദിഷ്ട ഗാന്ധിജി സർവ്വകലാശാലക്ക് വേണ്ടിയുള്ള നിയമത്തിലും അതേ വകുപ്പ് നിലനിർത്തണമെന്നും ആവശ്യപ്പെടുന്ന ഒരു മെമ്മോറാണ്ടം എ. കെ. പി സി ററി എ. ജനറൽ സെക്രട്ടറി പ്രൊഫ. എൻ എം. ജോസഫ്, പ്രവർത്തകസമിതി അംഗം ശ്രീ ററി. കെ. ഗോപാലകൃഷ്ണൻ നായർ, കോ–ഓർഡിനേഷൻ കൗൺസിൽ സെക്രട്ടറി ഡോ. പി. എസ്. പണിക്കർ ജോയിൻറ് സെക്രട്ടറി പ്രൊഫ കെ. പി. ദിവാകരൻ നായർ എന്നിവർ 27–6–83–ന് വിദ്യാഭ്യാസമന്ത്രി ശ്രീ ടി. എം ജേക്കബിന് നൽകി. പ്രശ്നം അനുഭാവപൂർവ്വം പരിശോധിക്കാമെന്ന് മന്ത്രി തദവസരത്തിൽ ഉറപ്പു നൽകി. □

# പ്രൊഫ. സുമത്തിന് യാത്രയയപ്പ്

ചെമ്പഴന്തി എസ്. എൻ. കോളേജിലെ എ.കെ.പി.സി.ടി.എ.യുടെ ഒരു വിശേഷാൽ യോഗം ട്രിവാൻഡ്രം ക്ലബ്ബിൽവച്ച് ബ്രാഞ്ചുപ്രസിഡൻറ് പ്രൊഫ: കെ. രവീന്ദ്രന്റെ അദ്ധ്യക്ഷതയിൽകൂടി, പ്രസ്തുത കോളേജിൽ ഫസ്ററ്ഗ്രേഡ് പ്രൊഫസറായിരിക്കെ, പുനലൂർഎസ്. എൻ. കോളേജ് പ്രിൻസിപ്പലായി പ്രൊമോഷൻ കിട്ടിപ്പോകുന്ന പ്രൊഫ: എൻ. സുമത്തിന് സ്നേഹനിർഭരമായ യാത്രയയപ്പ് നൽകി.

പ്രൊഫ: രവീന്ദ്രൻ, എ.കെ.പി.സി.ടി.എ. ജില്ലാ പ്രസിഡൻറ് കെ. വി. ആൻറണി സിൻഡിക്കേററ് മെമ്പർ പ്രൊഫ: ടി. ഗോപാലകൃഷ്ണൻ, ശ്രീമതി ജവറുണ്ണിസാബീഗം, പ്രൊഫ: എ. രമാകാന്തൻ, പ്രൊഫ: മുരളീധരൻ എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. പ്രൊഫ: സുമം സമുചിതമായി മറുപടിപറഞ്ഞു.

പ്രൊഫ: എൽ. ജി. വർഗ്ഗീസ് കൃതജ്ഞത രേഖപ്പെടുത്തി.

## പ്രവർത്തകസമിതി

കേരള — കോഴിക്കോട് സർവകലാശാലക ളിലെ പരീക്ഷാജോലികളുടെ പ്രതിഫലം, 1981-ലെ ജോലികളുടേതുൾപ്പെടെ, ഇനിയും കൊടുത്തു തീർക്കാത്തതിൽ എ. കെ. പി. സി. ടി. എ. പ്രവർത്തക സമിതി യോഗം അമർഷം രേഖപ്പെടുത്തി.

പല നിവേദനങ്ങളുംസത്യാഗ്രഹസമര പരി പാടികളും നടത്തിയിട്ടും ഫലമുണ്ടാകാത്ത തുകൊണ്ട് പരീക്ഷാ ജോലികളുടെ പ്രതി ഫലം കുടിശിക തീർത്ത് ലഭിക്കുന്നതുവരെ ഉത്തരക്കടലാസുകളും മാർക്ക് ലിസ്ററും അ യച്ചു കൊടുക്കേണ്ടതില്ലെന്ന് യോഗം തീരു മാനിച്ചു. പരീക്ഷാ ജോലികളുടെ ടി എ, ഡി എ, പോസ്റേറജ് മുതലായി അധ്യാപ കർ ചെലവുചെയ്ത പണം പോലും ലഭി ക്കാത്ത സാഹചര്യത്തിൽ പ്രത്യക്ഷ സമര പരിപാടികളിലേക്ക് അധ്യാപകർ നീങ്ങുന്ന തിന്റെ ഉത്തരവാദിത്വം സർവകലാശാലകൾ ക്കായിരിക്കുമെന്ന് പ്രവർത്തക സമിതി ചൂ ണ്ടിക്കാട്ടി.

സർവകലാശാല വൈസ് ചാൻസലർമാരാ യി ഐ എ എസ് ഉദ്യോഗസ്ഥൻമാരെ നിയ മിച്ച് യൂണിവേഴ്സിററികളെ ഗവർമെണ്ട് വകുപ്പുകളാക്കി തരംതാഴ്ത്തുന്ന സർക്കാർ നയത്തിൽ യോഗം പ്രതിഷേധം രേഖപ്പെടു ത്തി. സർക്കാർ ജീവനക്കാരെ വൈസ് ചാൻ സലർമാരായി നിയമിക്കുന്നതു വഴി സർവക ലാശാലകളെ ഗവർമെണ്ട് ഡിപ്പാർട്ടുമെൻറു കളായി അധഃപതിപ്പിക്കുന്നുവെന്നുമാത്രമല്ല യൂണിവേഴ്സിററികളുടെ സ്വയം ഭരണാവകാ ശത്തെ കുറുക്കു വഴികളിലൂടെ കവർന്നെടു ക്കുകയുമാണ് ചെയ്തിരിക്കുന്നത്.

പുതുതായി രൂപംകൊള്ളുന്ന ഗാന്ധിജി യൂണിവേഴ്സിററിയിലും ഒരു ഐ പി എസ് ഉദ്യോഗസ്ഥനെ നിയമിക്കുമെന്ന് കേൾക്കുന്നു. ഗാന്ധിജി സർവകലാശാല യെ പ്രശസ്തമായ ഒരു ഉന്നത വിദ്യാഭ്യാസ കേന്ദ്രമായി വളർത്തിയെടുക്കാൻ പ്രാപ്ത നായ ഒരു വ്യക്തിയെ അക്കാദമി രംഗത്തു നിന്നും നിയമിക്കണമെന്ന് യോഗം ആവശ്യ പ്പെട്ടു.

കേരളത്തിലെ സർവകലാശാലകളിൽ ഇന്നു നിലവിലുള്ള ജനാധിപത്യ സംവിധാനത്തെ നശിപ്പിക്കുന്നതിനായി അണിയറയിൽ നീക്ക ങ്ങൾ നടക്കുന്നു. കേരള—കോഴിക്കോട് സർ വകലാശാലകളിലെ തെരഞ്ഞെടുക്കപ്പെട്ടഭരണ സമിതികളുടെ കാലാവധി അവസാനിക്കാറാ യിട്ടും തെരഞ്ഞെടുപ്പ് സംബന്ധമായ ജോ ലികൾ ആരംഭിച്ചിട്ടില്ല. സർവകലാശാലാ സമിതികളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ ന ടത്തുന്നതിനുവേണ്ട ജോലികൾ ഉടനെ ആരം ഭിക്കണമെന്ന് യോഗം അധികൃതരോട് അഭ്യ ർത്ഥിച്ചു.

കോർപ്പറേററു മാനേജ്മെൻറുകളിലെ അ ന്യായമായസ്ഥലംമാററങ്ങൾക്കെതിരെശക്ത മായ സമരമാർഗങ്ങൾ സ്വീകരിക്കാൻ യോഗം തീരുമാനിച്ചു.

രണ്ടാംഗ്രേഡ് പ്രഫസർ പ്രമോഷന് ഓപ് ഷൻ കൊടുക്കുന്നതിലുണ്ടായ കാലതാമസം കൺഡോൺ ചെയ്യുക, കോഴിക്കോട് സർവ കലാശാലയുടെ ഇൻസർവീസ് കോഴ്സും സർവീസായി പരിഗണിക്കത്തക്ക വിധത്തിൽ ബന്ധപ്പെട്ട ഗവർമെണ്ട് ഉത്തരവിൽ മാററം വരുത്തുക തുടങ്ങിയ ആവശ്യങ്ങളും യോഗം ഉന്നയിച്ചു.

യോഗത്തിൽ പ്രഫസർ എം. ആർ. ചന്ദ്രശേ ഖരൻ അധ്യക്ഷത വഹിച്ചു. □

# ഉത്തരക്കടലാസും മാർക്കുലിസ്ററും അയയ്ക്കില്ല

# ഒന്നാം ഗ്രേഡ് പ്രൊഫസർ തസ്തിക നടപ്പിലാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് സ്റ്റേ ചെയ്തിരിക്കുന്നു!

സുഹൃത്തുക്കളേ,

ഒന്നാം ഗ്രേഡ് നോൺകേഡർ പ്രൊഫസർ തസ്തിക അനുവദിച്ചു കൊണ്ട് കേരളസർക്കാർ 2-3-83ന് പുറപ്പെടുവിച്ച G.O. M. S. No. 37/83/H.Edn. നമ്പർ ഉത്തരവ് ബഹു: കേരളാ ഹൈക്കോടതി സ്റ്റേ ചെയ്ത വിവരം ഇതിനകം അറിഞ്ഞിരിക്കുമല്ലോ ! കോഴഞ്ചേരി സെൻറ് തോമസ് കോളേജിലെ പി.സി.ടി.എ. യൂണിററ് പ്രസിഡൻറും പി.സി.ടി.എ. യുടെ പത്തനംതിട്ട ജില്ലാ ഓർഗനൈസിംഗ് സെക്രട്ടറിയുമായ പ്രൊഫസർ ടി. എം. തോമസ് ഫയൽ ചെയ്ത O. P. No 3980/83 N അനുസരിച്ചാണ് കോടതി മേല്പറഞ്ഞ സർക്കാർ ഉത്തരവ് സ്റ്റേ ചെയ്തിരിക്കുന്നത്. നോൺകേഡർ പ്രൊമോഷന് ജൂനിയർ ലക്ചറർ / ട്യൂട്ടർ / ഡമോൺസ്ട്രേറ്റർ സർവ്വീസോ, മററ് കോളേജുകളിലെ സർവ്വീസോ പരിഗണിക്കാൻ പാടില്ലെന്നതാണ് പ്രൊഫ. ടി. എം. തോമസിൻെറ പ്രധാനവാദം.

എ. കെ. പി. സി. ടി. എ. യുടെ നേതൃത്വത്തിൽ കേരളത്തിലെ കോളേജ് അധ്യാപകർ നിരന്തരം നടത്തിയ സമരങ്ങളുടെ ഫലമായി ലഭിച്ച ഒരാനുകൂല്യമാണ് നമുക്കിപ്പോൾ നിരസിക്കപ്പെട്ടിരിക്കുന്നത്.

ഈ കേസിൽ അധ്യാപക താല്പര്യം സംരക്ഷിക്കുന്നതിന് വേണ്ടി എ. കെ. പി. സി. ടി. എ. കക്ഷിചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കേരള ഹൈക്കോടതിയിലെ പ്രശസ്തനായ ഒരഭിഭാഷകൻ നമുക്കവേണ്ടി ഹാജരാകും.

അധ്യാപകദ്രോഹപ്രസ്ഥാനങ്ങളോടും അതിൻെറ നേതാക്കളോടും ഇനിയെങ്കിലും കുത്സിതപ്രവർത്തനങ്ങൾ അവസാനിപ്പിച്ച് അധ്യാപകതാല്പര്യങ്ങൾക്കുവേണ്ടി നിലകൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

പാലാ
22-6-83.

എൻ. എം. ജോസഫ്.
ജനറൽ സെക്രട്ടറി.

# A. K. P. C. T. A. Memorandum I

To

The Hon'ble Minister for Education,
Government of Kerala,
Trivandrum.

Sir,

We would like to place on record on behalf of the A. K. P. C. T. A. our sincere appreciation and gratitude to you and the Government of Kerala for instituting non-cadre Ist Grade Professorship for all those College Teachers who have completed 20 years of service.

In this connection we are to invite your kind attention to the following problems which form part of the benefits conferred.

1. Now, first grade professorship is sanctioned to all College teachers who have completed 20 years of Collegiate service. But there is a fairly large number of College teachers who have long years of service in schools. At present no weightage is given for the school service of College Teachers. Whereas in schools super grade is sanctioned for High School Assistants taking into consideration their service in Primary schools also. We request you to be kind enough to give due weightage for school service also.

2. There is a large number of teachers who have teaching experience in colleges outside our state. Their such service is not at present being considered for non-cadre promotions. However such experience is being considered for cadre promotions. We request your goodself to take necessary steps for considering such services also for non-cadre benefits.

3. We are sorry that the Government is still entertaining the idea of the screening committee with regard to Ist Grade Professorship. In the present arrangement the service of the private college teachers are being regularly screened and appoved by the University. The syndicate of the University has on it such officials as the Secretary to Government (Higher Education) and the Director of Collegiate Education to look after the interest of the Government. Hence we feel a proposal to institute a screeing committee is redendent. We request you that the idea may kindly be dropped.

Thanking you,

Yours Faithfully.

Sd/
(Prof. M. R. CHANDRASEKHARAN)

Sd/
(Prof. N. M. JOSEPH)

Trivandrum
22-4-1983

# വിദ്യാഭ്യാസമന്ത്രിക്ക് നിവേദനം - II

## സ്ഥലം മാററം

സർ,

മുൻവർഷങ്ങളിലെന്ന പോലെ ഇക്കൊല്ലവും എൻ.എസ്.എസ്. മാനേജുമെൻറ് ഇരുസർവ്വകലാശാലകളുടെയും മാർഗ്ഗനിർദ്ദേശങ്ങളെ തൃണവൽഗണിച്ച് നിരവധി അദ്ധ്യാപകർക്ക് അസൗകര്യമുണ്ടാക്കിക്കൊണ്ട് ഒരു സ്ഥലംമാററപ്പട്ടിക പുറത്തിറക്കിയിരിക്കയാണ്. മാനേജുമെൻറിൻെറ ശത്രുസംഹാര വ്യഗ്രതയും സ്വജന പക്ഷപാതവും പട്ടിക പരിശോധിക്കുന്ന ഏതൊരാൾക്കും മനസിലാക്കാവുന്നതാണ്. ഗുരുതരമായ ഹൃദ്രോഗബാധയെ തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ചികിൽസാ സൗകര്യം ലഭ്യമാകത്തക്കവണ്ണം തിരുവനന്തപുരത്തേക്ക് മാററം കൊടുക്കണമെന്ന മെഡിക്കൽ കോളേജിലെ ഒരു പ്രമുഖ ഡോക്ടറുടെ ശുപാർശയോടുകൂടി സ്ഥലം മാററത്തിനപേക്ഷിച്ചിട്ടു പോലും എൻ. എസ്. എസ്. കോളേജ് ടീച്ചേഴ്സ് കോ–ഓർഡിനേഷൻ കൗൺസിൽ പ്രസിഡൻറ് പ്രൊഫ. ആർ. രവീന്ദ്രൻ നായരെ മട്ടന്നൂർ എൻ. എസ്. എസ്. കോളേജിൽ നിന്നും തിരുവനന്തപുരത്തേക്ക് സ്ഥലം മാററാനുള്ള സാധാരണ മനുഷ്യത്വം പോലും നായർ സർവീസ് സൊസൈററി കാണിച്ചില്ലെന്നുള്ളത്, എത്ര ഹൃദയശൂന്യമായ രീതിയിലാണ് തങ്ങളുടെ കോളേജുകളിലെ അദ്ധ്യാപകരോട് എൻ. എസ്. എസ്. മാനേജ്മെൻറ് പെരുമാറുന്നതെന്നുള്ളതിൻെറ പ്രത്യക്ഷോദാഹരണമാണ്.

കഴിഞ്ഞ കുറെ വർഷങ്ങളായി സംഘടനാപ്രവർത്തനത്തിൻെറ പേരിൽ മാത്രം ശിക്ഷിക്കപ്പെട്ട് തങ്ങളുടെ വീടുകളിൽ നിന്നും വളരെ അകലെ അസൗകര്യമായി ജോലിചെയ്യുന്ന ഇരുന്നൂററി അൻപതോളം അദ്ധ്യാപകർ സ്ഥലം മാററത്തിനപേക്ഷിച്ചിരുന്നു. ഇവരിൽ പത്തു മുതൽ പതിനാറു വരെ വർഷങ്ങളായി അസൗകര്യമായികഴിയുന്നവരുടെ അപേക്ഷകൾ പോലും പരിഗണിച്ചിട്ടില്ലെന്നതാണ് ഏററവും പ്രതിഷേധാർഹം. സർവ്വകലാശാലകളും മാനേജുമെൻറും തമ്മിലുണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ പാലിച്ചിരുന്നെങ്കിൽ ഇവർക്കെല്ലാം സൗകര്യപ്രദമായ സ്ഥലം മാററം ലഭിച്ചേനെ. അദ്ധ്യാപകരെ അവരുടെ ആവശ്യപ്രകാരം സൗകര്യപ്രദമായി സ്ഥലം മാററണമെന്ന് എൻ. എസ്. എസ്. മാനേജുമെൻറിനോട് നിർദ്ദേശിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഇക്കൊല്ലത്തെ സ്ഥലം മാററങ്ങളിലൂടെ കടുത്ത ശിക്ഷ അനുഭവിക്കേണ്ടി വന്നവരിൽ ചിലരുടെ പേരുകൾ ഉദാഹരണത്തിനു വേണ്ടി ചൂണ്ടിക്കാണിച്ചു കൊള്ളട്ടെ.

(1) ചങ്ങനാശേരി ഹിന്ദു കോളേജിലെ എ. കെ. പി. സി. ടി. എ. ബ്രാഞ്ച് സെക്രട്ടറിയും ഹിസ്ററി വിഭാഗം അദ്ധ്യാപകനുമായ ശ്രീ. കെ. വിജയകൃഷ്ണനെ യാതൊരു കാരണവും കൂടാതെ നെയ്യാററിൻകരക്കു മാററിയിരിക്കയാണ്.

(2) നെയ്യാററിൻകരക്കാരനായ മലയാള വിഭാഗത്തിലെ പ്രൊഫ. എസ്. വി. വേണുഗോപൻ നായരെ നിലമേൽ എൻ. എസ്. എസ്. കോളേജിൽ നിന്നും ചേർത്തലക്കു സ്ഥലം മാററി ശിക്ഷയുടെ കാഠിന്യം വർദ്ധിപ്പിച്ചിരിക്കയാണ്.

(3) 18 വർഷം പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ച ഒരാളെ പി. ജി. പ്രൊഫസറായി നിയമിച്ച്, പന്തളം എൻ. എസ്. എസ്. കോളേജിലെ പൊളിററിക്സ് വകുപ്പു മേധാവിയായിരുന്ന പ്രൊഫ. ററി. കെ. ശങ്കരക്കൈമൾക്ക് അർഹതപ്പെട്ട പ്രൊമോഷൻ നിഷേധിച്ചതിനു പുറമേ ഇക്കൊല്ലം അദ്ദേഹത്തിൻെറ വീട്ടിൽ നി

# വിദ്യാഭ്യാസമന്ത്രിക്ക് നിവേദനം

ന്നും കൂട്ടതലകലെയുള്ള നെയ്യാററിൻകര കോളേജിരലക്കു സ്ഥലം മാററിയിരിക്കുന്നു.

(4) കരമന എൻ. എസ്. എസ്. വനിതാ കോളേജിൽ അദ്ധ്യാപികമാരെ മാത്രം നിയമിക്കുകയായിരുന്നു പതിവ്. ഈ കീഴ്‌വഴക്കം കഴിഞ്ഞ കൊല്ലം തന്നെ മാനേജുമെൻറിൻെറ ഒരു സ്വന്തക്കാരിക്കു വേണ്ടി ലംഘിച്ചിരുന്നു. ഇക്കൊല്ലം തങ്ങളുടെ സ്വന്തം 'അദ്ധ്യാപക' സംഘടനാ പ്രസിഡൻറ് പ്രൊഫ. ജി പങ്കജാക്ഷൻ പിള്ളയെ വനിതാ കോളേജിൽ നിയമിച്ചിട്ട് തിരുവനന്തപുരംസ്വദേശിനിയായ പ്രൊഫ. പി. രാധാമണിയെ ദൂരെയുള്ള ഒരു മിക്സഡ് കോളേജായ പന്തളം എൻ. എസ്. എസ്. കോളേജിലേക്ക് ഓടിച്ചിരിക്കുകയാണ്.

(5) പത്തുവർഷത്തോളം മലബാർ സർവ്വീസുള്ള ഹിന്ദി വകുപ്പിലെ പ്രൊഫ. എൻ. കൊച്ചുനാരായണ കുറുപ്പിനെ മട്ടന്നൂരിൽ നിന്നും മാററിയിരിക്കുന്നത് ഒററപ്പാലത്തിനാണ്.

(6) ഏതാണ്ടിതേ കാലയളവ് മലബാറിൽ കഴിച്ചിട്ടുള്ള പ്രൊഫ. പി.എ. ശ്രീധരൻ നായരെ പ്രൊമോഷൻെറ പേരിൽ വീണ്ടും മട്ടന്നൂർക്ക് സ്ഥലം മാററിയിരിക്കുന്നു. ഇതേ സമയം പല തെക്കൻ കോളേജുകളിലും ഉള്ള ഹിന്ദി കേഡർ പ്രൊഫസർ മാർക്ക് മലബാർ സർവ്വീസ് ഇല്ല. മററു പലരുടെയും മലബാർ സർവ്വീസ് നാമമാത്രവുമാണ്.

(7) പന്തളത്തിന് മാററമാവശ്യപ്പെട്ട എക്കണോമിക്സിലെ ശ്രീ. ഏ. കെ. ജനാർദ്ദനൻ നായരെ തനിക്കു താൽപര്യമില്ലാത്ത ചേർത്തല എൻ. എസ്. എസ്. കോളേജിലേക്ക് മാററിയിരിക്കുന്നു.

(8) ദമ്പതികളെ ഇണ പിരിക്കുന്നതിലുള്ള സാഡിസ്ററിക് ആഹ്ളാദം തുടർന്നും മാനേജുമെൻറ് അനുഭവിക്കുന്നു. കെമിസ്ട്രി വകുപ്പിലെ പ്രൊഫ. ബി. രമാദേവിയെ ഭർത്താവു ജോലി ചെയ്യുന്ന നെന്മാറക്കു മാററുന്നതിനു പകരം മഞ്ചേരിക്കു മാററി ദ്രോഹിച്ചിരിക്കുന്നു.

(9) ഗണിതശാസ്ത്ര വിഭാഗത്തിലെ ശ്രീ. ററി. ഒ. രാമചന്ദ്രൻെറ ഭാര്യയെ മട്ടന്നൂർക്ക് സ്ഥലം മാററിയപ്പോൾ അദ്ദേഹത്തെ സ്വന്തം നാടായ മട്ടന്നൂർ നിന്നും നെന്മാറക്കു സ്ഥലം മാററിയിരിക്കുന്നു.

(10) ചങ്ങനാശേരി ഹിന്ദി കോളേജ് ഇംഗ്ളീഷ് വിഭാഗത്തിലെ ശ്രീ. എൻ. ജഗദീശനെ ഇണപിരിച്ച് ചേർത്തലക്കു സ്ഥലം മാററിയിരിക്കുന്നു. പട്ടിക എത്ര വേണമെങ്കിലും നീട്ടാം. ഉദാഹരണത്തിന് ചിലതു ചൂണ്ടിക്കാണിച്ചു എന്നുമാത്രം. ഇക്കൊല്ലത്തെ അന്യായമായ സ്ഥലം മാററങ്ങൾ റദ്ദു ചെയ്ത് അദ്ധ്യാപകരെ സൗകര്യമായി സ്ഥലം മാററണമെന്ന് മാനേജുമെൻറിനോട് നിർദ്ദേശിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മാനേജുമെൻറിൻെറ ദുർഭരണത്തെ വിമർശിക്കുക, പ്രിൻസിപ്പൽമാരുടെ ദുശ്ചെയ്തികൾ വെളിച്ചത്തുകൊണ്ടു വരിക, ചോദിക്കുന്ന 'സംഭാവന' ചോദിക്കുന്ന അളവിൽ കൊടുക്കാതിരിക്കുക, മാനേജുമെൻറിൻെറ പോക്കററ് 'അദ്ധ്യാപക' സംഘടനയിൽ അംഗങ്ങളാകാതിരിക്കുക തുടങ്ങിയ 'കുററങ്ങൾ' ചെയ്യുന്നതിനും സ്വന്തക്കാരെ സൗകര്യപ്രദമായി കുടിയിരുത്തുന്നതിനും വേണ്ടി വർഷംതോറും നൂറു കണക്കിനദ്ധ്യാപകരെ അസൗകര്യമായി, സ്ഥലം മാററുന്നു. അദ്ധ്യാപകർക്കു നൽകേണ്ട യാത്രാബത്ത മാനേജ്മെൻറ് കൊടുക്കുന്നുമില്ല. അപേക്ഷിച്ച സ്ഥലത്തേക്കല്ലാതെ സ്ഥലം മാററപ്പെടുന്ന എല്ലാ അദ്ധ്യാപകർക്കും യാത്രാബത്ത നൽകണമെന്ന് മാനേജുമെൻറിനോട് നിർദ്ദേശിക്കണമെന്നഭ്യർത്ഥിക്കട്ടെ.

## വിദ്യാഭ്യാസമന്ത്രിക്ക് നിവേദനം

സ്ഥലം മാററങ്ങൾക്ക് നീതിയുക്തമായ മാനദണ്ഡങ്ങളുണ്ടാവണമെന്നാവശ്യപ്പെട്ടുകൊണ്ട് എ. കെ. പി. സി. ടി. എ. പണിമുടക്കമുൾപ്പെടെയുള്ള എല്ലാ സമരമുറകളും സ്വീകരിച്ചിട്ടുണ്ട്. ഈ സമരങ്ങളുടെ ഫലമായി ഇരു യൂണിവേഴ്സിറ്റികളും സ്ഥലം മാററങ്ങളെ സംബന്ധിച്ച് ചില മാർഗ നിർദ്ദേശക തത്വങ്ങൾ സമർപ്പിക്കുകയും എൻ. എസ്. എസ്. മാനേജ്മെൻറ് അതംഗീകരിക്കുകയുമുണ്ടായിട്ടുണ്ട്. ഈ തത്വങ്ങളുടെ അടിസ്ഥാനത്തിലാണ് തങ്ങൾ സ്ഥലം മാററങ്ങൾ നടത്തുന്നതെന്നും അങ്ങനെ അല്ലാത്ത സ്ഥലം മാററങ്ങൾ നടത്തുന്നുണ്ടോ എന്നു പരിശോധിച്ച് സർക്കാരിനിടപെടാമെന്നും എൻ. എസ്.എസ്. മാനേജ്മെൻറ് കഴിഞ്ഞ വർഷം ബഹു: വിദ്യാഭ്യാസ മന്ത്രിയോട് സമ്മതിച്ചിരുന്നതാണ്. ഇക്കൊല്ലം നടന്ന സ്ഥലം മാററങ്ങളിൽ തത്വങ്ങൾ പാലിക്കപ്പെട്ടിട്ടില്ലെന്ന് വസ്തുതകളുടെ വെളിച്ചത്തിൽ മനസിലാക്കാവുന്നതാണ്. അതുകൊണ്ട് താഴെ പറയുന്ന കാര്യങ്ങൾക്ക് അടിയന്തിര നടപടികൾ സർക്കാർ ഭാഗത്തു നിന്നുണ്ടാവണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

(1) മുൻവർഷങ്ങളിൽ ശിക്ഷിക്കപ്പെട്ട് അസൗകര്യമായ സ്ഥലങ്ങളിൽ ജോലി ചെയ്യുന്ന എൻ. എസ്. എസ്. കോളേജധ്യാപകരുടെ സ്ഥലം മാററ അപേക്ഷകൾ പരിശോധിച്ച് സൗകര്യപ്രദമായി സ്ഥലം മാററം നൽകണമെന്ന് എൻ. എസ്. എസ്. മാനേജുമെൻറിനോട് നിർദ്ദേശിക്കുക.

(2) ഇക്കൊല്ലം എൻ.എസ്.എസ്. മാനേജുമെൻറു നടത്തിയ സ്ഥലം മാററശിക്ഷകൾ റദ്ദു ചെയ്യണമെന്ന് മാനേജുമെൻറിനോടാവശ്യപ്പെടുക.

(3) സ്ഥലം മാററപ്പെടുന്നവർക്ക് നിയമപരമായി കിട്ടേണ്ട യാത്രാബത്ത ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

(4) കോർപ്പറേററ് മാനേജ്മെൻറ് കോളേജുകളിലെ സ്ഥലം മാററ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാവുന്ന തരത്തിൽ യുക്തമായ നിയമനിർമ്മാണം നടത്തുക.

വിശ്വസ്തൻ,

എൻ. എം. ജോസഫ്,
ജനറൽ സെക്രട്ടറി.

പാലാ
25–6–83.

## III

# 64-ാം വകുപ്പ് നടപ്പിലാക്കുക

സർ,

കേരളത്തിലെ വിവിധ കോർപ്പറേററ് മാനേജുമെൻറുകളുടെ കീഴിലായി മൊത്തം നാലായിരത്തിൽപ്പരം കോളേജധ്യാപകർ ജോലി ചെയ്യുന്നു. കേരളാ–കോഴിക്കോട് യൂണിവേഴ്സിറ്റികളുടെ പരിധിയിൽ പ്രമുഖ കോർപ്പറേററ് മാനേജുമെൻറുകളായ എൻ. എസ്. എസ്സിനും എസ്. എൻ. ട്രസ്ററിനും, തെക്ക് നെയ്യാററിൻകര മുതൽ വടക്ക് കണ്ണൂർ വരെ പതിന്നാലു കോളേജുകൾവീതമുണ്ട്. കോളേജധ്യാപകരുടെ സ്ഥലം മാററങ്ങൾ നിയന്ത്രിക്കുന്നതിന് വ്യക്തമായവ്യവസ്ഥകളില്ലാതിരുന്ന സാഹചര്യത്തിൽ അടിക്കടിയുള്ള സ്ഥലം മാററങ്ങൾമൂലം പൊറുതിമുട്ടിയ അധ്യാപകർ എ. കെ. പി. സി. ടി. എ. യുടെ നേതൃത്വത്തിൽ നിരന്തരം പ്രക്ഷോഭം നടത്തിയതിൻെറയും യൂണിവേ

# വിദ്യാഭ്യാസമന്ത്രിക്ക് നിവേദനം

ഴ്സിററികളുടെ ശുപാർശകളുടേയും ഫലമായിട്ടാണ് കോർപ്പറേററ് മാനേജുമെൻറുകളുടെ കീഴിലുള്ള അധ്യാപകരുടെ അന്തർസർവ്വകലാശാലാ തലത്തിലുള്ള സ്ഥലംമാററങ്ങൾ ശാശ്വതമായി തടയുന്ന കേരളാ–കാലിക്കററ് യൂണിവേഴ്സിററി നിയമങ്ങളിലെ (1975) അനുച്ഛേദം 64 സൃഷ്ടിക്കപ്പെട്ടത്. എന്നാൽ ഖേദകരമെന്നു പറയട്ടെ, പിന്നീട് അധികാരത്തിൽ വന്ന ഗവൺമെൻറുകൾ കേരളാ–കാലിക്കററ് യൂണിവേഴ്സിററി ആക്ടുകളിലെ മററെല്ലാ വകുപ്പുകളും നടപ്പിലാക്കിയപ്പോൾ, ഏതാനും മാനേജുമെൻറുകളുടെ സമ്മർദ്ദത്തിനുവഴങ്ങി അനുച്ഛേദം 64 മാത്രം ശീതസംരക്ഷിണിയിൽ വയ്ക്കുകയാണുണ്ടായത്.

1981 ഫെബ്രുവരിയിൽ നടത്തിയ കോളേജധ്യാപകരുടെ പൊതുപണിമുടക്കിനെതുടർന്നുണ്ടായ ഒത്തുതീർപ്പിൽ കോർപ്പറേററ് മാനേജുമെൻറുകളുടെ കീഴിലുള്ള അധ്യാപകരുടെ സ്ഥലം മാററങ്ങളെ നിയന്ത്രിക്കുന്നതിന് വ്യവസ്ഥകൾ ഉണ്ടാക്കാമെന്നും ആശ്രമം വിജയിക്കാതെ വന്നാൽ അന്തർസർവ്വകലാശാലാ സ്ഥലം മാററങ്ങൾ തടയുന്ന കേരളാ–കാലിക്കററ് യൂണിവേഴ്സിററിആക്ടുകളിലെ അനുച്ഛേദം 64 നടപ്പിലാക്കാമെന്നും ഗവൺമെൻറ് ഉറപ്പുകൾ നൽകിയിരുന്നു. ഉറപ്പുകൾ പാലിക്കപ്പെടാത്ത സാഹചര്യത്തിൽ വീണ്ടു പ്രശ്നം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുന്നതിന് എ.കെ. പി. സി. ടി. എ. 1982 ആഗസ്ററിൽ കേരളാ അസംബ്ളിക്കുമുമ്പിൽ കൂട്ടധർണ്ണ നടത്തുകയുണ്ടായി. അതിനെത്തുടർന്ന് കേരള ഗവൺമെൻറും കോർപ്പറേററ് മാനേജുമെൻറുകളുമായി ഉഭയസമ്മതപ്രകാരം സ്ഥലംമാററങ്ങളെനിയന്ത്രിക്കുന്നതിന് ചില നിബന്ധനകൾ ഉണ്ടാക്കി. എന്നാൽ ഇവയെ അപ്പാടെ അവഗണിച്ചുകൊണ്ടാണ് 1983 മെയ് മാസം എൻ. എസ്. എസ്. മാനേജുമെൻറ് ഒരു നീണ്ട സ്ഥലംമാററ ലിസ്ററിറക്കിയത്. യാതൊരു തത്വദീക്ഷയുമില്ലാതെ നിരവധി അധ്യാപകരെ തലങ്ങും വിലങ്ങും സ്ഥലം മാററി ദ്രോഹിച്ച മാനേജുമെൻറ് ഒത്തുതീർപ്പുവ്യവസ്ഥ അനുസരിച്ച് തങ്ങൾക്ക് ഇനിയെങ്കിലും മോചനം ലഭിക്കുമെന്ന് ആശിച്ചുകൊണ്ട് ട്രാൻസ്ഫറിന് അപേക്ഷിച്ചിട്ടുള്ളനൂറുകണക്കിനുള്ള അധ്യാപകരുടെ സ്ഥലം മാററ അപേക്ഷകൾക്ക് കടലാസിൻെറ വിലപോലും നൽകിയില്ല.

അനുച്ഛേദം64 നടപ്പിലാക്കാത്തതുമൂലം തങ്ങൾക്ക് ഭരണപരമായ നിരവധി ക്ലേശങ്ങൾ ഉണ്ടെന്നും, യൂണിവേഴ്സിററി നിയമമനുസരിച്ച് തങ്ങളുടെ പരിധിയിലുള്ളഅധ്യാപകരുടെ സീനിയോറിററി ലിസ്ററ് തയാറാക്കാൻ കഴിയുന്നില്ലെന്നും, അടിക്കടി സ്ഥലം മാററപ്പെടുന്ന നിരവധി അധ്യാപകരുടെ നിയമന–സ്ഥലംമാററ അപ്രൂവലുകളും മററും പരിശോധിക്കുന്നതിന് വളരെയേറെ സ്ററാഫിനെ നിലനിർത്തേണ്ടിവരുന്നെന്നും, മാനേജുമെൻറുകൾ നിയമത്തിലെ ഈ പഴുത് ദുർവിനിയോഗം ചെയ്തുകൊണ്ട് അധ്യാപകരെ അകാരണമായി അടിക്കടി സ്ഥലം മാററി കൃത്രിമമായി വേക്കൻസികളുണ്ടാക്കി കൂടുതൽസ്ററാഫിനെ നിയമിച്ച്ഗവൺമെൻറിന് അനാവശ്യമായിസാമ്പത്തിക ഭാരം വരുത്തിവയ്ക്കുന്നുവെന്നും ഇരു യൂണിവേഴ്സിററികളും ഗവൺമെൻറിനെബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. കേരളാ_ കാലിക്കററ് യൂണുവേഴ്സിററി സെനററ് നിരവധി തവണ എകകണ്ഠമായി 64–ാം അനുച്ഛേദം നടപ്പിലാക്കണമെന്ന് ഗവൺമെൻറിനോട് ആവശ്യപ്പെടുന്ന പ്രമേയങ്ങൾ പരസാക്കിയിട്ടുണ്ട്. കോട്ടയം കേന്ദ്രമാക്കി മൂന്നാമതൊരു അഫിലിയേററിംഗ് യൂണിവേഴ്സിററിയും പുതിയ പുതിയ കോർപ്പറേററ് മാനേജുമെൻറുകളും ഉണ്ടാകാൻപോകുന്ന സാഹചര്യത്തിൽ പ്രശ്നം ഒന്നുകൂടി സങ്കീർണ്ണമാകുമെന്ന് പറയേണ്ടതില്ല.

മേൽപ്പറഞ്ഞപോലെ, കോളേജധ്യാപകരുടെ സ്ഥലം മാററങ്ങൾ നിയന്ത്രിക്കുന്നതിന് യാതൊ

# വിദ്യാഭ്യാസമന്ത്രിക്ക് നിവേദനം

അവ്യവസ്ഥകളും ഇല്ലാതിരുന്ന ഘട്ടത്തിലാണ് കേരളാ-കാലിക്കററ് യൂണിവേഴ്സിററി ആക്ടുകളിലെ 64-ാം അനുച്ഛേദം കേരളാ അസംബ്ലി പാസാക്കിയത്. എന്നാൽ വർഷം എട്ട് കഴിഞ്ഞെങ്കിലും ഈ വകുപ്പ് നടപ്പിലാക്കാതിരുന്നതുമൂലം കോർപ്പറേററ് മാനേജുമെൻറുകൾ വർഷത്തിൽ ഒരു തവണയല്ല മാസംതോറുംആഴ്ചതോറും എന്ന കണക്കിന് അധ്യാപകരെ അന്തർസർവ്വകലാശാലതലത്തിൽ സ്ഥലംമാററി പീഡിപ്പിക്കുന്നു.

കോളേജധ്യാപകർക്ക് സംഘടനാ സ്വാതന്ത്ര്യവും മററ് ജനാധിപത്യ അവകാശങ്ങളും നിഷേധിക്കുന്നതിനും മാനേജുമെൻറുകൾ 64-ാംഅനുച്ഛേദം നടപ്പിലാക്കാത്ത സാഹചര്യം ദുരുപയോഗപ്പെടുത്തുന്നു. സെനററ് അക്കാദമിക് കൗൺസിൽ മുതലായ യൂണിവേഴ്സിററി സമിതികളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്ന വേളയിൽ തങ്ങളുടെ ഇംഗിതത്തിന് വഴങ്ങാത്ത അധ്യാപകരുടെ വോട്ടവകാശം നഷ്ടപ്പെടുത്തുക എന്ന ഗൂഢോദ്ദേശത്തോടെ നിരവധി അധ്യാപകരെ ഈ മാനേജുമെൻറുകൾ അന്തർസർവ്വകലാശാലാതലത്തിൽ സ്ഥലം മാററാറുണ്ട്.


ഒരു യൂണിവേഴ്സിററിയുടെ പരിധിയിൽ ജോലിചെയ്യുന്ന അധ്യാപകനെ ഇതര യൂണിവേഴ്സിററിയുടെ പരിധിയിലുള്ള കോളേജിലേക്ക് സ്ഥലം മാററുമ്പോൾ അയാൾ മുമ്പ് അതേ യൂണിവേഴ്സിററിയുടെ പരിധിയിലുള്ള കോളേജുകളിൽ രണ്ടോ മൂന്നോ തവണ ജോലി ചെയ്തിട്ടുള്ള ആളാണെങ്കിൽ കൂടി തുടർന്നു ശമ്പളം ലഭിക്കണമെങ്കിൽ മൂന്നു മാസത്തിനുള്ളിൽ അന്തർസർവ്വകലാശാലാ സ്ഥലം മാററത്തിനുള്ള പ്രസ്തുത യൂണിവേഴ്സിററിയുടെ അംഗീകാരംവാങ്ങിയിരിക്കണം. എന്നാൽ മാനേജുമെൻറുകൾ അധ്യാപകരെ സ്ഥലം മാററിയിട്ട് ബന്ധപ്പെട്ട പേപ്പറുകളും മററും യൂണിവേഴ്സിററിക്ക് കൃത്യസമയത്ത് അയച്ചുകൊടുക്കാത്തതുമൂലം അപ്രൂവൽ ലഭിക്കാൻ കാലവിളംബം ഉണ്ടാകുകയും തൽഫലമായി അവർക്ക് ശമ്പളം നിഷേധിക്കപ്പെടുകയും ചെയ്യുന്നു. ഇടിവെട്ടുകൊണ്ടവനെ പാമ്പുകടിച്ചു എന്നു പറഞ്ഞതുപോലെ സ്ഥലം മാററപ്പെടുന്ന അധ്യാപകർക്ക് സ്ഥലം മാററം മൂലം ഉള്ള ദുരന്തം മാത്രമല്ല മാസങ്ങളോളം ശമ്പളംനിഷേധിക്കപ്പെടുകഎന്ന പീഡനവും ഉണ്ടാവുന്നു. മാനേജുമെൻറുകൾ അധ്യാപകരെ ഈ ലക്ഷ്യത്തോടെതന്നെയാണ് സ്ഥലം മാററുന്നത് എന്നതിൽ പക്ഷാന്തരമില്ല. കൂടാതെ, സ്ഥലംമാററപ്പെടുന്നഅധ്യാപകർക്ക് പ്രമോഷൻ, ശമ്പളകുടിശ്ശിക മുതലായവയും ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു. അശനിപാതം പോലെയുണ്ടാകുന്ന സ്ഥലം മാററം അധ്യാപകരെ സാമ്പത്തികമായി തകർക്കുകയുംചെയ്യുന്നു. എന്നാൽ, കൊല്ലത്തിൽ നിരവധിതവണ സ്ഥലം മാററുന്ന ഈ മാനേജുമെൻറുകൾ സ്ഥലം മാററപ്പെടുന്ന അധ്യാപകർക്ക് സ്ററാററ്യൂട്ടറിയായ യാത്രാബത്ത നൽകുന്നില്ല.

ഇത് കേവലം കുറെ അധ്യാപകരുടെസ്വൈര ജീവിതത്തിൻെറയോ അക്കാദമിക് സ്വാതന്ത്ര്യത്തിൻെറയോ പ്രശ്നം മാത്രമല്ല. കോർപ്പറേററ് മാനേജുമെൻറുകളുടെ ഉടമയിലുള്ള വിവിധകോളേജുകളിൽ പഠിക്കുന്ന കേരളത്തിലെഅഞ്ചുലക്ഷത്തോളം വരുന്ന വിദ്യാർത്ഥികളുടെയും അവരുടെ കുടുംബങ്ങളുടെയും, എന്തിന് ഉന്നത വിദ്യാഭ്യാസ രംഗത്തെ അദ്ധ്യയന നിലവാരത്തെ തന്നെയും പ്രതികൂലമായിബാധിക്കുന്ന ഒരു സാമൂഹ്യ പ്രശ്നം കൂടിയാണ് ഉന്നത വിദ്യാഭ്യാസത്തിൻെറ ഗുണപരമായ മേൻമ ലക്ഷ്യമാക്കുന്ന ഒരു ഗവൺമെൻറിനും ഇവിടെ നിശ്ചേഷ്ടരായി നോക്കിനിൽക്കാൻ കഴിയില്ല.

ഗവൺമെൻറ് അടിയന്തിരമായി കേരളാ-കാലിക്കററ് യൂണിവേഴ്സിററി നിയമത്തിലെ 64-ാം അനുച്ഛേദം നടപ്പിലാക്കണമെന്നും പുതിയ യൂണിവേഴ്സിററിക്കുവേണ്ടിയുള്ള നിയമനിർമ്മാണം നടത്തുമ്പോൾ ഇതേ വകുപ്പ് പുതിയ യൂണിവേഴ്സിററി ആക്ടിലും നിലനിർത്തണമെന്നും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

പ്രൊഫ. ആർ രവീന്ദ്രൻ നായർ
പ്രസിഡൻറ്

ഡോ. പി. എസ്. പണിക്കർ
സെക്രട്ടറി



കൊല്ലം കൺവെൻഷൻ — പതാക ഉയർത്തൽ

## ആദരാഞ്ജലി

Prof. P. K. Thomas, of the Chemistry Dept, Mar Ivanios College passed away at the age of 55 on 29-1-1983. He was an exemplary teacher and a strict disciplinarian. He was a member of the AKPCTA from its initial stages and till his death the organization received his unstitned support In fact his presence in the Mar Ivanios College unit of the organization enhanced its dignity and prestige.

May his soul rest in peace.



Prof. P. K. THOMAS

Kerala private college teacher

monthly journal of the all kerala private college teachers' association
No. 45 R. No. M-36025 / 81 Registered No KL/TV (N) 23

സർവ്വീസിലിരിക്കെ മരണമടഞ്ഞ

5 അധ്യാപകരുടെ കുടുംബങ്ങൾക്ക്

# AKPCT ക്ഷേമ

# നിധിയിൽനിന്നും

# പതിനായിരം രൂപാവീതം

# സഹായധനം

വിദ്യാഭ്യാസമന്ത്രി

വിതരണം ചെയ്യുന്നു

1983 സെപ്തംബർ 5-ന്

തിരുവനന്തപുരം

യൂണിവേഴ്സിറ്റി

സ്റ്റുഡന്റ്സ് സെന്ററിൽ

വൈകിട്ട് 5-ന്

ചടങ്ങിൽ പങ്കെടുക്കണമെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു

printed and published by v narayanankutty, at chempaka printers, trivandrum-4 phone 7
chief editor v. n. murali